# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **3446** **19.10.16** -ൽ മറുപടിക്ക്

## ആമയിഴഞ്ചാൻ തോടിന് ആഴം കുറഞ്ഞതുമൂലമുള്ള വെള്ളപ്പൊക്കം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | മാത്യൂ ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) തിരുവനന്തപുരം നഗരത്തിലെ ആമയിഴഞ്ചാൻ തോട്ടിൽ മണ്ണും,എക്കലും അടിഞ്ഞ് കൂടി ആഴം കുറഞ്ഞതിനാൽ മഴക്കാലത്ത് ഗൗരീശപട്ടം, കണ്ണമ്മൂല എന്നിവിടങ്ങളിൽ രൂക്ഷ വെള്ളപ്പൊക്കം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത തോടിന്റെ ആഴം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) ആമയിഴഞ്ചാൻ തോട്ടിൽ കണ്ണമ്മൂല പാലം മുതൽ ആക്കുളം വരെ മാലിന്യവും ചെളിയും നീക്കം ചെയ്ത് ആഴം വർദ്ധിപ്പിക്കുന്നതിനും പാർശ്വഭിത്തിയും നടപ്പാതയും നിർമ്മിക്കുന്നതിനും 10 കോടി രൂപ അടങ്കൽ തുക വരുന്ന പ്രവൃത്തി ഈ വർഷത്തെ ബഡ്ജറ്റിൽ (വാല്യം-3 അനുബന്ധം-2) ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| (സി) നഗരത്തിൽ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിന് വേളിയിൽ പുലിമുട്ട് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;അതിന് എത്ര കോടി രൂപ അനുവദിച്ചു; | (സി) യും (ഡി) യും പദ്ധതികൾ ഒന്നും തന്നെ ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) പുലിമുട്ടിന്റെ നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കുമോ? | |

സെക്ഷൻ ഓഫീസർ